കുടിവെള്ളത്തിന് നിലവിലുള്ള മാനദണ്ഡങ്ങൾക്കു പുറമേ പുതിയ പൈപ്പ് ലൈനുകൾ, കുളങ്ങൾ, കുഴൽ കിണറുകൾ എന്നിവയുടെ നവീകരണം നടത്തുക, തുറന്ന ടാങ്കുകൾ, ഭൂഗർഭ ടാങ്കുകൾ എന്നിവയുടെ നിർമ്മാണം നടത്തുക, കൃഷിനാശം ഉടനടി തിട്ടപ്പെടുത്തി കർഷകർക്കുള്ള നഷ്ടപരിഹാരം നൽകുക എന്നിവയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

IV റിപ്പോർട്ട് പരിഗണന

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. എം. പി. ഗംഗാധരൻ: സർ, 2004 ജനുവരി 19-ാം തീയതി സഭയിൽ അവതരിപ്പിച്ച പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ പിന്താങ്ങുന്നു.

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു

V നിയമനിർമ്മാണ കാര്യം

(1) 2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, 2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, 2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഇതൊരു ചെറിയ ടെക്നിക്കൽ വിഷയമാണ്. 1978-79 കാലഘട്ടത്തിൽ ഭരിച്ചിരുന്ന ഗവൺമെന്റ് ഈ കമ്പനിക്ക് കൊടുത്ത ചില ഗൈഡ്ലൈൻസിന്റെ അടിസ്ഥാനത്തിൽ എൻകോസിലും അതുപോലുള്ള ചില കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലുമുള്ള ജീവനക്കാർക്ക് ഇവിടത്തെ നിയമനങ്ങളിൽ മുൻഗണന കൊടുക്കണമെന്നുണ്ടായിരുന്നു. അത് അപ്രായോഗികവും കമ്മ്യൂണൽ ഹൊട്ടേഷനെ ബാധിക്കുമെന്നുള്ളതിനാലും 1983-ൽ വേറൊരു ഗൈഡ്ലൈൻ കമ്പനിക്ക് കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുകയും കമ്പനി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ജീവനക്കാർ കോടതിയിൽ പോയി. കോടതിയിൽ നിന്ന് അവർക്ക് അനുകൂലമായ ഓർഡറും ഉണ്ടായി. അതേ അവസരത്തിൽ ഗവൺമെന്റിന് വേണമെങ്കിൽ നിയമപരമായി നിയമനം നടത്താമെന്ന പരാമർശവും വിധിയിൽ ഉണ്ടായിരുന്നു. ആ ലീഗൽ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ നിയമനിർമ്മാണം ആവശ്യമായതുകൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, താഴെപ്പറയുന്ന നിരാകരണ പ്രമേയം അവതരിപ്പിക്കുന്നു.

"This House resolves to disapprove the Kerala Automobiles Limited (Validation of appointment of Personnel) Ordinance 2003 (Ordinance No.5 of 2003") കെ. എ. എൽ.-ൽ നിയമിക്കപ്പെട്ട പുതിയ തൊഴിലാളികളെ അല്ലെങ്കിൽ പഴയതൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് എതിർപ്പ് ഉള്ളതുകൊണ്ടല്ല യഥാർത്ഥത്തിൽ നിരാകരണ പ്രമേയത്തിന് നോട്ടീസ് കൊടുത്തിട്ടുള്ളത്. പൊതുമേഖലയെ സംബന്ധിച്ച ചില കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ വേണ്ടിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: നിരാകരണ പ്രമേയം അവതരിപ്പിക്കുന്നുണ്ടോ? നമ്മൾ ഇന്ന് മൂന്ന് ബിൽ എടുക്കുകയാണ്. ഉച്ചയ്ക്ക് തീരാവുന്നതേയുള്ളൂ. ഇത് പഴയ നിയമം സാധൂകരിക്കുന്നതിനു വേണ്ടിയിട്ടാണ്. ചർച്ച കൂടാതെ പാസാക്കാവുന്ന ഒന്നാണ്. അതല്ലെങ്കിൽ ഉച്ചകഴിഞ്ഞ് മണിക്കൂറുകൾ ഇരിക്കേണ്ടിവരും.

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഇത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇതിൽ യഥാർത്ഥത്തിൽ രണ്ട് പ്രധാനപ്പെട്ട സംഗതികളുണ്ട്. കേരള സംസ്ഥാന എൻജിനീയറിംഗ് ടെക്നീഷ്യൻസ് (വർക്ക്ഷോപ്പ്) വ്യവസായ സഹകരണ സംഘത്തിലേയും കേരള ഓട്ടോ ഇൻഡസ്ട്രിയൽ സഹകരണ സംഘം ലിമിറ്റഡിലേയും (കെയ്കോ) മുൻ ജീവനക്കാരെ നിയമിക്കുന്നതിന് നേരത്തെ ഗവൺമെന്റ് ഉണ്ടാക്കിയിരുന്ന ഒരു എഗ്രിമെന്റുണ്ട്. ആ എഗ്രിമെന്റിൽ പറയുന്നത് ഈ തൊഴിലാളികളെയെല്ലാം KAL-ൽ ഉണ്ടാകുന്ന ഒഴിവുകളിൽ നിയമിച്ചുകൊള്ളാം എന്നുള്ളതാണ്. സ്വാഭാവികമായി പിന്നീട് ഗവൺമെന്റ് ഉത്തരവ് വന്നപ്പോൾ ആ ഉത്തരവിൽ സംവരണ തത്വങ്ങൾകൂടെ പാലിക്കണമെന്ന് പറഞ്ഞപ്പോൾ അവിടെ ജോലിയെടുത്തിരുന്ന 50 ശതമാനം തൊഴിലാളികൾക്ക് ജോലി നിഷേധിക്കപ്പെട്ടു. ജോലി നിഷേധിക്കപ്പെട്ടവർ കോടതിയിൽ പോകാൻ ഇടയായിട്ടുണ്ട്. ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുമ്പോൾ ഈ പ്രശ്നം വന്നിട്ടില്ല. യഥാർത്ഥത്തിൽ എല്ലാവരേയുംകൂടി നിയമിക്കുമ്പോൾ കമ്പനി പ്രവർത്തിക്കാൻ കഴിയാതെ വരും എന്നുള്ളത് സത്യമാണ്. അർഹരായിട്ടുള്ള ഒരു സംഘം തൊഴിലാളികൾകൂടി ഇതിനകത്തുനിന്ന് പുറത്തു പോകുന്നുണ്ട്. അവരുടെ കാര്യം സംബന്ധിച്ച് പൊതുവിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നുകൂടി വ്യക്തമാക്കേണ്ടതുണ്ട് എന്നാണ് പ്രധാനമായി എനിക്ക് പറയാനുള്ളത്. അധികാരത്തിൽ വരുന്ന ഗവൺമെന്റുകൾ പലപ്പോഴും യാതൊരു ലെക്കും ലഗാനുമില്ലാതെ ഇത്തരം തൊഴിലാളികളെ നിയമിക്കുന്നതിനുള്ള എഗ്രിമെന്റ് ഉണ്ടാക്കാറുണ്ട്. അങ്ങനെ താൽക്കാലികമായിട്ട് നിയമിക്കും. നൂറുകണക്കിനുപേരെ ഓരോ വ്യവസായത്തിലും നിയമിക്കും. അങ്ങനെ നിയമിക്കുന്നവരെ കാലാവധി തീർന്നു പോകുന്ന ഗവൺമെന്റുകൾ സ്ഥിരപ്പെടുത്തുകയും ചെയ്യുന്ന ഒരു സ്ഥിതിയാണുള്ളത്. ഇവിടെ കഴിഞ്ഞ സഭയിൽ വ്യവസായ മന്ത്രി തന്നെ പറഞ്ഞു. 'ഇങ്ങനെയെല്ലാം വന്നിട്ടുണ്ട് അതുകൊണ്ട് ഞാൻ വ്യവസായ മന്ത്രി ആയിരിക്കുന്നിടത്തോളം കാലം നിയമനങ്ങൾ നടത്തുകയും ഇത്തരത്തിൽ സ്ഥിരപ്പെടുത്തുകയും സ്ഥാപനങ്ങൾ തകർക്കുകയും ചെയ്യുന്ന ഒരു സമീപനം സ്വീകരിക്കുകയില്ല എന്ന്'. അത് അത്രയും നല്ലത് തന്നെയാണ്. പക്ഷെ ഇവിടെ ചോദ്യോത്തരവേളയിൽ ചർച്ച ചെയ്തിട്ടുള്ള പ്രശ്നങ്ങൾ എടുത്തു പരിശോധിക്കുമ്പോൾ ഓരോ ഗവൺമെന്റും നിരവധി സ്ഥാപനങ്ങളിൽ

ആയിരക്കണക്കിന് ആളുകളെ താൽക്കാലിക തൊഴിലാളികളായി തിരുകിക്കയറ്റുകയും അവരെ പിന്നീട് സ്ഥിരപ്പെടുത്താൻ ഓർഡർ ഇട്ടു പോകുകയും, പിന്നീട് വരുന്ന ഗവൺമെന്റ് മനുഷ്യത്വപരമായ കാരണങ്ങളാൽ അവരെ സ്ഥിരപ്പെടുത്താൻ നിർബന്ധിതമാകുകയും ചെയ്യുന്നതാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ പലതിന്റെയും ലാഭകരമായ പ്രവർത്തനത്തിന് തടസ്സമായ പ്രധാനപ്പെട്ട ഘടകം. ഗൗരവമായി ഞാൻ ചൂണ്ടിക്കാണിക്കുന്ന ഒരു കാര്യമാണിത്. കഴിഞ്ഞ സഭയിൽ അങ്ങ് തന്നെ ഈ കാര്യം വ്യക്തമാക്കുകയും ചെയ്തിട്ടുള്ളതാണ്. ഇപ്പോഴും അതുതന്നെ നടക്കുകയാണ്. ഈ പറയുന്ന കാര്യത്തിൽ നിന്ന് യാതൊരു വ്യത്യാസവും ഇല്ല എന്നുള്ളതാണ്. അങ്ങനെ വരുമ്പോൾ വ്യവസായ സ്ഥാപനത്തിന് ഗുണകരമാകുമോ ഇല്ലയോ എന്നുള്ളതാണ് പ്രധാനമായും പരിശോധിക്കേണ്ടത്. ഇവിടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വന്നിരിക്കുന്ന വീഴ്ച 50 ശതമാനം തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുക എന്നതാണ്. കമ്യൂണൽ റൊട്ടേഷൻ പാലിക്കുന്നതിനുള്ള നോട്ടീസ് കൊടുക്കുകയും അത് നിലവിൽ പാലിക്കുകയും ചെയ്യപ്പെടുമ്പോൾ നിലവിൽ ഗവൺമെന്റിന്റെ എഗ്രിമെന്റിന്റെ ഭാഗമായി നിന്നിരുന്ന ഒരു സെറ്റ് തൊഴിലാളികൾക്ക് ജോലി പോകുന്നു. അവരുടെ കാര്യത്തെ സംബന്ധിച്ച് ഭാവിയിൽ എന്താണ് ഉദ്ദേശിക്കുന്നത്; ഭാവിയിൽ വരുന്ന ഒഴിവുകളിൽ അവരെക്കൂടി പരിഗണിക്കുന്നതിനുള്ള എന്തെങ്കിലും സമീപനങ്ങൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ എന്നുള്ളത് വ്യക്തമാക്കേണ്ടതുണ്ട്. താമരാക്ഷൻ കമ്മിറ്റി റിപ്പോർട്ടിലും അനധികൃതമായി ഉദ്യോഗസ്ഥരേയും ജീവനക്കാരേയും രാഷ്ട്രീയ താൽപ്പര്യത്തോടുകൂടി നിയമിക്കപ്പെടുന്നതിന്റെ ഫലമായി ഉണ്ടാകുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇവയെല്ലാം പരിഹരിക്കുന്നതിനുള്ള നടപടികൾ ഇതിന്റെ ഭാഗമായി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നുകൂടി മറുപടിയിൽ അങ്ങ് വ്യക്തമാക്കണം. ബില്ലിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് എതിർപ്പുകളില്ല. ഞാൻ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. എം. വി. ജയരാജൻ: ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല; തത്വത്തിൽ അംഗീകരിക്കുന്നു. തൊഴിലാളികളെ സംരക്ഷിക്കണം. ദീർഘകാലത്തെ നിയമയുദ്ധത്തിനുശേഷമാണ് ഇത്തരമൊരു നിയമ നിർമ്മാണത്തിലൂടെ ഇവിടെയുള്ള ജീവനക്കാരെ സംരക്ഷിക്കാൻവേണ്ടിയുള്ള നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. പക്ഷെ എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് ഇത്തരം നിയമനിർമ്മാണത്തിന് അടിസ്ഥാനമായ ചില പ്രശ്നങ്ങൾ ഗൗരവത്തിൽ എടുക്കേണ്ടതാണ്; പ്രത്യേകിച്ച് അങ്ങ് ഉൾക്കൊള്ളുന്ന കാബിനറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഗൗരവത്തിൽ എടുക്കേണ്ടതാണ്. 1983-ൽ ഹൈക്കോർട്ട് റദ്ദാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ പറയുന്ന കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടു വരികയാണ്. "The petitioners therein are entitled to claim preference for appointment to posts of factory workers in the KAL, on the basis of the 1978 and 1979 directives of the Government. They are eligible to be recruited on the basis of seniority-cum-suitability. The Company's notification inviting applications exclusively from scheduled castes, scheduled tribes and backward classes is illegal, and is quashed". അതാണ് ഇതിൽ ഗൗരവമായിട്ടുള്ള വിഷയം. ഗവൺമെന്റിന് ഇത് സംബന്ധിച്ച് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കാമെന്ന് പരാമർശം ഉണ്ടെങ്കിലും ഇതിൽ ഗൗരവമായി നമ്മുടെ പരിഗണനയിൽ വരേണ്ടുന്ന വിഷയം ഇത്തരത്തിൽ നിയമനങ്ങൾ നടത്തുന്ന സമയത്തു തന്നെ അതിന്റെ മാർഗ്ഗ നിർദ്ദേശത്തിൽ സംവരണം ഉൾപ്പടെയുള്ള കാര്യങ്ങൾ പരിഗണിക്കപ്പെട്ടിട്ടില്ല എന്നുള്ളതാണ്. ഇത് പരിഗണിക്കാൻ നമുക്ക് അന്ന് കഴിഞ്ഞിട്ടില്ല എന്നുള്ളത് പത്തിരുപത് വർഷം മുൻപത്തെ അനുഭവമെന്നുള്ള നിലയിൽ ചിലപ്പോൾ ചിലർ തള്ളിക്കളയാം. പക്ഷെ ഇന്ന് ഇത് നമ്മൾ ഗൗരവത്തിൽ കാണണ്ടേ? പ്രത്യേകിച്ച് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമകാലീന കേരളത്തിന്റെ കാര്യങ്ങൾ പരിശോധിക്കുമ്പോൾ ഈ സംവരണം കൃത്യമായി പാലിച്ചുകൊണ്ട് നിയമനങ്ങൾ നടത്താൻ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കഴിയണം. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനോടുള്ള ഗവൺമെന്റിന്റെ സമീപനം എന്താണ്? ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വ്യക്തമാക്കി, ഞങ്ങൾ ഇതുവരെ അത് ചർച്ച ചെയ്തിട്ടില്ല എന്നുള്ള കാര്യം.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> റെയിൽ തെറ്റുകയാണ്.

<u>ശ്രീ. എം. വി. ജയരാജൻ:</u> റെയിൽ തെറ്റുമെന്ന് പറഞ്ഞാൽ നരേന്ദ്രൻ കമ്മീഷന്റെ കാര്യം പറയാതിരിക്കാൻ കഴിയില്ലല്ലോ? നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യങ്ങൾ കണക്കിലെടുക്കാൻ ഗൗരവത്തിൽ നമുക്ക് കഴിയേണ്ടതുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് നിയോഗിച്ച കമ്മീഷനാണ്. രണ്ട് വർഷമായി ആ റിപ്പോർട്ട് വന്നിട്ട്. ഇതുവരെ ഗവൺമെന്റ് പരിഗണിച്ചിട്ടില്ല. ഇതുപോലുള്ള അനുഭവങ്ങൾ തന്നെയാണ് പത്തിരുപത് വർഷം മുൻപത്തെ കെ.എ.എൽ.-ലും നിയമന കാര്യത്തിൽ വന്നിട്ടുള്ളത് എന്നത് കാണണം. അതുകൊണ്ടാണ് ഞാൻ ഈ സമകാലീനമായിട്ടുള്ള കാര്യം പറയാൻ കാരണം. ഇതിൽ എനിക്ക് നരേന്ദ്രൻ കമ്മീഷനുമായി ബന്ധപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിസഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടികളുടെ ഒരു യോഗം വിളിച്ചു ചേർക്കണം. എന്നിട്ട് ഇത് സംബന്ധിച്ച് ഒരു സമവായം ഉണ്ടാക്കി ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ കഴിയണം. അങ്ങനെ രാഷ്ട്രീയമായ ഇച്ഛാശക്തി നമ്മുടെ മന്ത്രിസഭയും സർക്കാരും പ്രകടമാക്കേണ്ടതുണ്ട് എന്നാണ്.

ശ്രീ. പി. സി. ജോർജ്: നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റി പറഞ്ഞതുകൊണ്ടു പറയുകയാണ്. യാതൊരു കാരണവശാലും സംസ്ഥാനത്ത് അത് നടപ്പാക്കില്ല എന്ന തീരുമാനവുമായിട്ടാണ് യു.ഡി.എഫ്.-ന്റെ ബഹുഭൂരിപക്ഷം കക്ഷികളും പോകുന്നത് എന്ന വസ്തുത മറച്ചുപിടിച്ചിട്ടു കാര്യമില്ല. മുസ്ലീം ലീഗിന് അത് നടപ്പാക്കണം എന്നുള്ള ആഗ്രഹം കാണുന്നില്ല. അത് നടപ്പാക്കാൻ വേണ്ടി ശ്രമിക്കുന്നു എന്ന് കേരളത്തിലെ ജനങ്ങളെ ബോധ്യപ്പെടുത്തണമെന്നല്ലാതെ നടപ്പാക്കണമെന്ന ആഗ്രഹം ഇല്ലാത്തതിന്റെ തെളിവായി ചൂണ്ടിക്കാണിക്കേണ്ട കാര്യമാണ് മ്അദനിയുടെ കാര്യം. മ്അദനിയെപ്പറ്റി കഴിഞ്ഞ തെരഞ്ഞെടുപ്പു കാലത്ത്, 'ഞങ്ങൾ അധികാരത്തിൽ വന്നാൽ സ്റ്റേറ്റ് കാറിൽ മ്അദനിയെ ഈരാറ്റുപേട്ടയിൽ കൊണ്ടുവരാം എന്ന്' പ്രസംഗിച്ചത് ഞാൻ കേട്ടതാണ്. അന്ന് പ്രസംഗിച്ച ആൾ ക്യാബിനറ്റിൽ ഇരിപ്പുണ്ട്. മ്അദനി ആറ് കൊല്ലമായി തമിഴ്നാട് ജയിലിൽ കിടക്കുകയാണ്. ഇതുവരെ കൊണ്ടുവരാനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ആ നിലയ്ക്ക് അതിന് തുല്യമായി നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടും തെരഞ്ഞെടുപ്പ് പ്രചരണത്തിന് ഉപയോഗിക്കും എന്നല്ലാതെ ഒരു കാര്യവും നടക്കാൻ പോകുന്നില്ല എന്ന സത്യം അങ്ങേക്ക് അറിയാമോ?

ശ്രീ. എം. വി. ജയരാജൻ : അങ്ങ് പറഞ്ഞതു തന്നെയാണ് ഞാനും ഉദ്ദേശിക്കുന്നത്. ഏതായാലും കേരളാ ഓട്ടോമൊബൈൽസ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനം ഇപ്പോൾ ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിൽ ഇ. ആർ. സി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളോട് എടുക്കുന്ന നിലപാട് തിരുത്തുന്നില്ലെങ്കിൽ ലാഭകരമായി പ്രവർത്തിക്കുന്ന കെ.എ.എൽ. പോലും അടച്ചുപൂട്ടൽ ഭീഷണിയെ നേരിടേണ്ടിവരും. ജീവനക്കാരുടെ നിയമനങ്ങളെ സാധൂകരിക്കാൻ വേണ്ടിയാണ് ഇത്തരമൊരു നിയമം നിയമസഭയിൽ കൊണ്ടുവരുന്നത്. അതേസമയം സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങളോടുള്ള പുതിയ സമീപനം തൊഴിൽ നഷ്ടപ്പെടാൻ ഇടയാക്കും എന്നുള്ളത് കാണാതിരുന്നുകൂടാ. അങ്ങയുടെ മുന്നണി, യു.ഡി.എഫ്. നേതൃത്വം, വളരെ ഗൗരവമായി ചർച്ച ചെയ്താണ് പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് പഠിക്കാനും റിപ്പോർട്ട് സമർപ്പിക്കാനുമായി ശ്രീ. എ. വി. താമരാക്ഷൻ ചെയർമാനായ കമ്മിറ്റിയെ നിയോഗിച്ചത്. എന്തുകൊണ്ട് ആ റിപ്പോർട്ട് അങ്ങയുടെ സർക്കാർ പരിഗണിക്കുന്നില്ല? ആ റിപ്പോർട്ട് ചർച്ച ചെയ്യാൻ യു.ഡി.എഫ്. നേതൃത്വത്തിന്

LIBRARY ARCHIVES Kerala Legislative Assembly

കഴിയണ്ടേ? നഷ്ടത്തിലോടുന്ന പൊതുമേഖലാ സ്ഥാപനങ്ങളുൾപ്പെടെ അടച്ചുപൂട്ടാതെ ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുംവിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് ആ റിപ്പോർട്ട് മുന്നോട്ടുവച്ചത്. ശ്രീ. ആര്യാടൻ മുഹമ്മദ് ആ കമ്മിറ്റിയിൽ അംഗമായിരുന്നു. അവർ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ പരിഗണിക്കാത്ത ഈ വ്യവസായ വകുപ്പിനെക്കുറിച്ച് ഞാൻ അറംപറ്റിയ വാക്കുകളൊന്നും പറയുന്നില്ല. ഒന്നേകാൽ ലക്ഷത്തോളം തൊഴിലാളികളേയും ജീവനക്കാരേയും അവരെ ആശ്രയിച്ചു കഴിയുന്ന കുടുംബങ്ങളേയും വഴിയാധാരമാക്കുന്ന ഈ നയം നിങ്ങൾ തിരുത്തണം. പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലുള്ള സർക്കാർ ഓഹരികൾ പിൻവലിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന ഇന്നത്തെ (22-1-2004) 427-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത 'ബി' ചോദ്യത്തിന് അങ്ങ് എന്താണ് മറുപടി പറഞ്ഞത്? നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ചില സ്ഥാപനങ്ങളിൽ ഓഹരി വിഹിതം കുറയ്ക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു എന്നാണ്. ആ സ്ഥാപനങ്ങളുടെ പേരും പറഞ്ഞ് നഷ്ടത്തിലോടുന്ന സ്ഥാപനങ്ങളെ ലാഭകരമായി മാറ്റാൻ എങ്ങനെ കഴിയും എന്ന് നോക്കണ്ടേ? തൊഴിലാളികളേയും, ബന്ധപ്പെട്ട പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങളേയും വ്യാവസായിക രംഗത്തെ പ്രഗൽഭരായിട്ടുള്ള ആളുകളേയും ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഗുണഭോക്താക്കളായ തൊഴിലാളികളേയും അതിന്റ ട്രേഡ് യൂണിയൻ പ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ചർച്ചയും ക്രിയാത്മകമായ തീരുമാനവും എടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? അങ്ങനെ എടുത്തിട്ടാണ് ഈ സ്ഥാപനങ്ങൾ നടത്താൻ കഴിയാത്തതെങ്കിൽ അത് മനസ്സിലാക്കാം. ഗൗരവമായ ഒരു ചർച്ചയും നടത്തുന്നില്ല. അങ്ങ് ഇപ്പോൾ ഐ.ടി.-യുടേയും, ബി.ടി.-യുടേയും പിന്നാലെ പോവുകയാണ്. ഐ.ടി.-യും ബി.ടി.-യുമൊന്നും നാട്ടിൽ വരേണ്ട എന്നു പറയുന്നില്ല. എന്നാൽ ഐ.ടി.-യുടേയും, ബി.ടി.-യുടേയും പിന്നാലെ പരക്കം പാഞ്ഞതിന്റെ ഫലമായി നമ്മുടെ നാട്ടിലെ പൊതുമേഖലാ സ്ഥാപനങ്ങൾ, ചെറുകിട സ്ഥാപനങ്ങൾ, പരമ്പരാഗത മേഖല ഇവയൊക്കെ തകർന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ലാഭകരമായി പ്രവർത്തിക്കുന്ന കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ തകർക്കുന്ന നയം മാറ്റണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. പിരിച്ചുവിടൽ ഭീഷണിയിൽ നിൽക്കുന്ന 49 ജീവനക്കാരെ സംരക്ഷിക്കാൻ പര്യാപ്തമായ ഈ നിയമം ഐകകണ്ഠ്യേന പാസ്സാക്കാൻ കഴിയണം. കമ്മ്യൂണൽ റൊട്ടേഷൻ പൂർണ്ണമായും പാലിക്കുന്നുണ്ട് എന്നാണ് പരിശോധനയിൽ മനസ്സിലാകുന്നത്. ആ അടിസ്ഥാനത്തിൽ ഈ ബില്ലിന്റെ ഉള്ളടക്കത്തെ പൊതുവിൽ സ്വാഗതം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല കഹാർ : സർ, 2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇവിടെ പറഞ്ഞുകേട്ടത് നമ്മുടെ നാട്ടിലെ നഷ്ടത്തിലോടുന്ന വ്യവസായ സ്ഥാപനങ്ങൾ പലതും ലാഭകരമാക്കാത്തതിനെക്കുറിച്ചായിരുന്നു. അത് കേട്ടാൽ തോന്നും ഇവരുടെ ഭരണകാലത്ത് ഇത് ലാഭത്തിലാക്കാൻ വേണ്ടി ഇവർ എന്തൊക്കെയോ ചെയ്തു എന്ന്. മാത്രമല്ല, അവരുടെ ഭരണകാലത്ത് വ്യവസ്ഥാപിതമായിട്ടായിരുന്നു പൊതുമേഖലാസ്ഥാപനങ്ങളിൽ നിയമനങ്ങളും മറ്റ് കാര്യങ്ങളും നടന്നിരുന്നത് എന്ന് തോന്നും. അതൊന്നും അവർ ഭരിച്ച സമയത്ത് ഓർത്തില്ല. ഇപ്പോൾ പല സ്ഥലങ്ങളിലും താൽക്കാലിക നിയമനത്തിനെതിരെ, ഡെയ്‌ലി വേജസ് നിയമനത്തിനെതിരെ, നേരിട്ടുള്ള നിയമനങ്ങൾക്ക് എതിരെ സമരങ്ങളും ബഹളങ്ങളും പ്രഖ്യാപനങ്ങളുമൊക്കെ നടത്തുന്നുണ്ട്. അതൊക്കെ ഇവർ ഭരിച്ചിരുന്ന കാലത്ത് മറന്നുപോയ ആളുകളാണ്. കേരളത്തിൽ നഷ്ടത്തിലോടുന്ന എല്ലാ വ്യവസായ സ്ഥാപനങ്ങളും ലാഭത്തിൽ പോകണം, അത് നല്ല രീതിയിൽ പോകണം എന്ന് മാർക്സിസ്റ്റ് പാർട്ടിക്കും സി. ഐ. ടി. യു.-വിനും ആഗ്രഹമുണ്ടായിരുന്നെങ്കിൽ പണ്ടേ അതൊക്കെ ലാഭത്തിൽ ഓടുമായിരുന്നു. അതൊക്കെ നഷ്ടത്തിലാക്കാനുള്ള പ്രധാന കാരണം ഇവരല്ലേ? ആരാണ് സമ്മതിക്കാത്തത്? എനിക്ക് ചിരി വന്ന ഒരുകാര്യമുണ്ട്. കേരളത്തിൽ പണിമുടക്ക് ഏറ്റവും കുറഞ്ഞിരുന്നത് തങ്ങളുടെ ഭരണ കാലത്താണെന്ന് പണ്ട് സുശീലാഗോപാലൻ നിയമസഭയിൽ പറഞ്ഞതായി കേട്ടു. അവർ ഭരിക്കുന്ന കാലയളവിൽ അവർ സമരം ചെയ്യില്ല. അകാരണമായി പ്രശ്നങ്ങൾ ഉണ്ടാക്കലും സമരമുണ്ടാക്കലും മറ്റെല്ലാ ഭരണകാലത്തും ഉള്ളതുകൊണ്ടാണ് ഇവിടെ കൂടുതൽ പ്രവൃത്തി ദിവസങ്ങൾ നഷ്ടപ്പെടുന്നത്. കെ.ടി.ഡി.സി., ടൂറിസം, കേരള സ്റ്റേറ്റ് ആഡിയോ ആന്റ് റിപ്രോഗ്രാഫിക് സെന്റർ എന്നീ സ്ഥാപനങ്ങളിൽ കഴിഞ്ഞ ഭരണ കാലത്ത് കള്ളഷാപ്പിൽ ആള് കയറുന്നതുപോലെയായിരുന്നു നിയമനം എന്ന് ഇന്നാട്ടിലെ ആർക്കാണ് അറിഞ്ഞുകൂടാത്തത്? കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കൻമാരും, പല തവണ എസ്.എസ്.എൽ.സി. പരീക്ഷ എഴുതി പാസ്സായ അവരുടെ ഭാര്യമാരും, ഭേദപ്പെട്ട ജോലികൾ കരസ്ഥമാക്കിയ എത്രയെത്ര ഉദാഹരണങ്ങൾ കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലുണ്ട്. വ്യക്തി ബന്ധങ്ങൾക്ക് ദോഷകരമാകും എന്നുള്ളതുകൊണ്ട് പേരൊന്നും പറയുന്നില്ല. എത്ര നേതാക്കൻമാരുടെ കുടുംബാംഗങ്ങൾക്ക്, സഹോദരിമാർക്ക്, ഭാര്യമാർക്ക് അങ്ങനെ എത്രയാളുകൾക്കാണ് പുതുതായി പോസ്റ്റ് ക്രിയേറ്റ് ചെയ്ത് നിയമനം നൽകിയിട്ടുള്ളത്? ഇതൊക്കെ വ്യവസായത്തെ രക്ഷിക്കാനാണ് എന്നു പറഞ്ഞാൽ യാതൊരു തരത്തിലും ഉൾക്കൊള്ളാൻ കഴിയുന്നില്ല.

1978-79 വർഷങ്ങളിൽ, സർക്കാരിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് എൻകോസ്, കെയ്കോ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിലെ നിയമനങ്ങളിൽ മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. സംവരണ തത്വം പാലിക്കണം, സാമൂഹ്യ നീതി ഉറപ്പാക്കണം എന്ന് വളരെ ആവേശത്തോടുകൂടി പറയുന്ന ആളുകളല്ലേ നിങ്ങൾ? കേരളത്തിലെ ഒരുപാട് സ്ഥാപനങ്ങൾ ഇന്നും അത് ഉറപ്പാക്കിയിട്ടില്ല; സംവരണതത്വം പാലിച്ചിട്ടില്ല. സമൂഹത്തിലെ ദുർബലരായ ആളുകളോട് കാണിക്കേണ്ട നീതി നടപ്പിലാക്കിയിട്ടില്ല. 1983-ൽ സംവരണ തത്വം പാലിച്ചേ നിയമനം നടത്താവൂ എന്ന് നിർദ്ദേശിച്ചു. ഇതിനെ ഈ പറഞ്ഞ എക്സ്-എംപ്ലോയീസ് ഹൈക്കോടതിയിൽ ചലഞ്ച് ചെയ്തു. എൻകോസ് ജീവനക്കാരുടെ അവകാശങ്ങൾ എടുത്തുകളയണമെങ്കിൽ നിയമ പ്രകാരം അത് ചെയ്യണം എന്ന് കോടതി നിർദ്ദേശിച്ചു. Company's notification as per 1983 directions for inviting applications exclusively from SC/ST and Backward Classes is illegal and is quash. If Government is interested in superseding or modifying earlier directions, thereby taking away for curtailing the rights of the Ex-employees governed thereby, it will be opened to them to do so in accordance with law. ഇതായിരുന്നു ഹൈക്കോടതി വിധിച്ചത്. അതുപ്രകാരം 1984-ൽ ഒരു ജി.ഒ. നിലവിൽ വന്നു. കമ്മ്യൂണൽ റൊട്ടേഷൻ അനുസരിച്ച് നിയമനങ്ങൾ നടത്തണമെന്നായിരുന്നു. 1983 മുതൽ 84 വരെയുള്ള നിയമനങ്ങൾ സാധൂകരിച്ചു കൊണ്ടുമുള്ളതായിരുന്നു പ്രസ്തുത ജി. ഒ. അതിനേയും കോടതി ചോദ്യം ചെയ്തപ്പോൾ 1983-ലെ ജി. ഒ.-യെ ന്യായീകരിച്ചുകൊണ്ട് 1987-ൽ മറ്റൊരു ജി. ഒ. നിലവിൽ വന്നു. കോടതി അതും ചലഞ്ച് ചെയ്തു. 1984-ലെ ജി.ഒ.-യ്ക്ക് മുൻകാലപ്രാബല്യം ഇല്ല എന്ന് കോടതി വിധിച്ചു. 'എൻകോസി'-ൽ നിലവിലുള്ള ഒഴിവുകൾ അവിടെയുള്ള ജീവനക്കാരെക്കൊണ്ട് നികത്തണമെന്ന് കോടതി നിർദ്ദേശിച്ചു. ഈ പറഞ്ഞ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുവേണ്ടി കൊണ്ടുവരേണ്ടിവന്ന ഒരു ബില്ലാണിത്. അതിനെ എങ്ങനെ പിന്തുണയ്ക്കാതിരിക്കും? രണ്ട് തരത്തിൽ സാമൂഹ്യനീതി ഉറപ്പുവരുത്തണമെന്ന് ചിലയാളുകൾ പറയും. എന്നാൽ ഇത് വേണ്ട എന്നും പറയും. ഇവർ പണ്ട് ഒരു സമരം നടത്തിയിരുന്നതായി എനിക്കറിയാം. ഇതുമായി ബന്ധമില്ലെങ്കിലും പറയാം. അരിയുടെ വില കുറയ്ക്കണമെന്നും അതേസമയത്ത് നെല്ലിന്റെ വില കൂട്ടണമെന്നും, നെല്ലിന്റെ വില കൂട്ടണം എന്ന് കർഷകസംഘം. അരിയുടെ വില കുറയ്ക്കണം എന്ന് മാർക്സിസ്റ്റ് പാർട്ടി, രണ്ടുംകൂടി എങ്ങനെ നടക്കും എന്നു പറയുന്നതു പോലെയാണിത്. സാമൂഹ്യനീതി ഉറപ്പു വരുത്തണം. സമൂഹത്തിലെ പിന്നോക്കം നിൽക്കുന്നവർക്കുവേണ്ടി നീതി ഉറപ്പുവരുത്തണം. നീതി ഉറപ്പു വരുത്തണമെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

എന്തുവേണം? അവർക്ക് അവകാശപ്പെട്ടത് ലഭിക്കണം. അവർക്ക് അവകാശപ്പെട്ട ലഭിക്കുന്നതിന് വേറെ ചില തടസ്സങ്ങൾ വന്നു. ആ തടസ്സങ്ങൾ നീക്കാ ഇത്തരത്തിലുള്ള ഒരു ബില്ലിന്റെ ആവശ്യം വന്നു. അതുകൊണ്ടാണ് ഈ ബിര കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. പി. ജയരാജൻ: സർ, 2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കെ.എ.എൽ.-ലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിലും സുപ്രീംകോടതിയിലുമൊക്കെ നടന്നിട്ടുള്ള കേസുകളും നിയമപരമായിട്ടുള്ള തർക്കങ്ങളും പരിഹരിക്കാൻവേണ്ടി അവിടെ നേരത്തെതന്നെ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് നിയമനത്തിനുള്ള സാധൂകരണം നൽകുന്നതിനുവേണ്ട കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനെ തീർച്ചയായിട്ടും ഈ സഭ ഏകകണ്ഠമായി തന്നെ അംഗീകരിക്കേണ്ടതുണ്ട്. ഇന്ന് ലാഭകരമായി നടന്നുകൊണ്ടിരിക്കുന്ന ഒരു പൊതുമേഖലാസ്ഥാപനമാണ് കെ.എ.എൽ. ഇവിടെ ഉൽപ്പാദിപ്പിക്കുന്നത് ഓട്ടോറിക്ഷകളുടെ ചേസിസാണ്. ഇന്ന് ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലെ മാർക്കറ്റുകളിൽ ഏറ്റവും നല്ല ഡിമാന്റുള്ള ഒന്നാണ് കെ.എ.എൽ.-ത ഉൽപ്പാദിപ്പിക്കുന്ന ചേസിസ്. ഇത് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ഒരു സ്ഥാപനമായിരുന്നു. 1984 ഫെബ്രുവരി 5-ന് ഉൽഘാടനം ചെയ്യപ്പെട്ട ഈ കെ.എ.എൽ. ഏതാണ്ട് 15 കോടി രൂപ നഷ്ടത്തിലേക്ക് കൂപ്പുകുത്തുകയുണ്ടായി ആ 15 കോടിരൂപയുടെ അക്യുമിലേറ്റഡ് ലോസ് പരിഹരിച്ചുകൊണ്ട് ഇന്ന് ഒരു വർഷത്തിൽ ലക്ഷക്കണക്കിന് രൂപ ലാഭം ഉണ്ടാക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമായിട്ട് വളർന്നുവന്നിരിക്കുകയാണ്. ബി.ഐ.എഫ്.ആർ.-നു വിട്ട ഈ സ്ഥാപനം തൊഴിലാളികളുടേയും തൊഴിലാളി യൂണിയനുകളുടേയും സഹകരണത്തോടുകൂടി കൈകാര്യം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇന്ന് ഏറ്റവും ലാഭകരമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായി മാറിയിരിക്കുകയാണ്. ഇവിടെ തൊഴിലാളികളുടെ സഹകരണം എന്നു പറയുന്നത് ഏറ്റവും പ്രധാനമാണ്. അവിടെ വർക്ക്സ് കമ്മിറ്റികൾ നിലവിലുണ്ട്. സി.ഐ.ടി.യു, ഐ.എൻ.ടി.യു.സി. ഉൾപ്പെടെയുള്ള യൂണിയനുകളുടെ പ്രതിനിധികൾ അടങ്ങിയിട്ടുള്ള വർക്ക്സ് കമ്മിറ്റി ഓരോ മാസത്തേയും ഉൽപ്പാദനം പരിശോധിച്ച് ആവശ്യമായിട്ടുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുത്തി തീരുമാനങ്ങൾ കൈക്കൊള്ളുന്നു. അങ്ങനെ അവിടെ ഒരു മാസത്തെ ഉൽപ്പാദന ലക്ഷ്യം കവിയുന്ന അവസരത്തിൽ തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് കൊടുക്കുന്ന ഒരു സ്ഥാപനം കൂടിയാണ് കെ.എ.എൽ. യു.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ പൊതുമേഖലാസ്ഥാപനങ്ങളിലെ കഴുത്തിന്

LIBRARY ARCHIVES Kerala Legislative Assembly

കത്തി വയ്ക്കാനുള്ള സമീപനത്തിന് എതിരെ ഉയർത്തിപ്പിടിക്കാവുന്ന ഏറ്റവും അഭിമാനകരമായിട്ടുള്ള ഒരു സ്ഥാപനമാണ് അത്. തീർച്ചയായിട്ടും ആ സ്ഥാപനം നിലനിൽക്കണം. ആ സ്ഥാപനത്തിന് ആവശ്യമായിട്ടുള്ള എല്ലാ നിലയ്ക്കുമുള്ള സംരക്ഷണവും പ്രോൽസാഹനവും കൊടുക്കണം. അതിനുവേണ്ടിയുള്ള വാദമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്.

ഇവിടെ പൊതുമേഖലാ സ്ഥാപനങ്ങളെപ്പറ്റി ചില കാര്യങ്ങൾ പറയണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഇന്നലെ വ്യവസായ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടിയുടെ പ്രസംഗം ഞാൻ കേട്ടു. എന്തൊരു സുന്ദരമായിട്ടുള്ള പ്രസംഗമാണ്. ഒരു വ്യവസായ കേരളം പടുത്തുയർത്താൻ വേണ്ടി നിഷേധാത്മകമായിട്ടുള്ള പ്രവണതകൾ ഇല്ലാതാക്കണം; അദ്ദേഹം പറഞ്ഞു ഹർത്താലും, ബന്ദും എന്ന്. കേരളത്തിലെ വ്യവസായ വളർച്ചയ്ക്ക് തടസ്സം തൊഴിലാളികളുടെ പണിമുടക്കാണോ? ഇന്ന് കേരളത്തിലെ ബസ് ഉടമകൾ ഒരു ഹർത്താൽ ആഹ്വാനം ചെയ്തിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് തൽക്കാലം മാറ്റിവച്ചിരിക്കുകയാണ്. എന്താണ് അതിനു കാരണം? തൊഴിലാളികൾ പണിമുടക്കിയതുകൊണ്ടാണോ? ബസ് ഗതാഗതം സ്തംഭിപ്പിച്ചുകൊണ്ടുള്ള സമരത്തിലേക്ക് ഉടമകൾ തയ്യാറാകേണ്ടി വന്നത് ഡീസൽ വില വർദ്ധനവ് ഉൾപ്പെടെ, വാഹന നികുതിയുൾപ്പെടെയുള്ള കാര്യങ്ങളാണ്. കേരളത്തിന്റെ വളർച്ചയ്ക്ക് തടസ്സം തൊഴിലാളികളാണ് എന്ന് വരുത്തിത്തീർക്കാനുള്ള മുതലാളിത്ത പ്രചാരണത്തിന്റെ വക്താവായി കേരളത്തിലെ വ്യവസായ വകുപ്പുമന്ത്രി മാറിയിരിക്കുകയാണ്. പ്രധാനപ്പെട്ട തടസ്സം തൊഴിൽ കുഴപ്പമാണെന്നുള്ള അസംബന്ധം വ്യവസായ വകുപ്പുമന്ത്രി പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ ചില വ്യവസായങ്ങൾ അടഞ്ഞുകിടക്കുന്നുണ്ട്. ഇപ്പോൾ മാവൂർ ഗ്വാളിയോർ റയോൺസ് അടച്ചുപൂട്ടപ്പെട്ടു. ഏത് തൊഴിലാളി പണിമുടക്കിയിട്ടാണ് ആ വ്യവസായ സ്ഥാപനം അടച്ചുപൂട്ടപ്പെട്ടത്? ട്രാവൻകൂർ റയോൺസ് അടച്ചുപൂട്ടപ്പെട്ടു. ഏത് തൊഴിലാളി പണിമുടക്കിയിട്ടാണ്? ഇന്ന് കൊച്ചിയെപ്പോലെതന്നെ വ്യാവസായികമായി വളർന്നുകൊണ്ടിരിക്കുന്ന ഒന്നാണ് കഞ്ചിക്കോട്ടുള്ള വ്യവസായ മേഖല. ഇവിടെ 40 വ്യവസായസ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്. ആ 40 എണ്ണം പൂട്ടാൻ എന്താണ് കാരണം? കറണ്ട് ചാർജ് വർദ്ധനവാണ്. ആരാണ് കറണ്ട് ചാർജ് വർദ്ധിപ്പിക്കുന്നത്? സംസ്ഥാനത്തിലെ മന്ത്രിസഭയ്ക്കുപോലും വൈദ്യുതി ചാർജിൽ നിയന്ത്രണം ഇല്ലാത്ത നിലയ്ക്ക് വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ കൊണ്ടുവന്ന് കണ്ടമാനം ചാർജ് വർദ്ധിപ്പിക്കാൻ അനുവാദം കൊടുത്തിട്ടുള്ളത് ഈ ഗവണ്മെന്റിന്റെ വക്താവായ വ്യവസായ വകുപ്പുമന്ത്രിയാണ്. ആ മന്ത്രിയാണ് പറയുന്നത് ഹർത്താലും ബന്ദുമാണ് കേരളത്തിന്റെ വികസനത്തിന് ഏറ്റവും വലിയ തടസ്സമെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഈ സഭയിൽത്തന്നെ പറഞ്ഞു, വൈദ്യുതിയിൽ വന്ന മാറ്റവും അതുപോലെ ലിബറലൈസേഷനും കേരളത്തിലെ വ്യവസായ വികസനത്തിന് തടസ്സമാണെന്ന്. അത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ജയരാജൻ: സന്ദർഭത്തിനനുസരിച്ച് അതെല്ലാം വ്യവസായ വകുപ്പുമന്ത്രി മാറ്റിപ്പറയും.

ശ്രീ. ടി. കെ. ബാലൻ: ഇന്നലെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞത്, ഇവിടത്തെ ബന്ദും സെക്രട്ടേറിയറ്റിനുമുന്നിലുള്ള വലിയ പ്രകടനങ്ങളുമൊക്കെ ഒഴിവാക്കണം, വരുന്ന ആളുകളൊക്കെ ഇതൊക്കെ കാണുന്ന സ്ഥിതിക്ക് ഇവിടെ മൂലധനമിറക്കാൻ മടിക്കുന്ന ഒരു സ്ഥിതിയുണ്ട് എന്നാണ്. യഥാർത്ഥത്തിൽ ഇത് കേട്ടാൽ തോന്നും നമ്മുടെ നാട്ടിൽ മാത്രമാണ് ഇതെന്ന്. വലിയമൂലധനം ഇങ്ങോട്ടു കൊണ്ടുവരുന്നവരുടെ നാട്ടിലും, അമേരിക്കയിലും ബ്രിട്ടനിലും ഫ്രാൻസിലുമെല്ലാം ഉള്ള തൊഴിലാളികളും യുവജനങ്ങളുമൊക്കെ അവിടെ ബ്ലോക്കിയാണ്. അമേരിക്കൻ സെനറ്റൊക്കെ കൂടുന്ന സമയത്ത് ലക്ഷക്കണക്കിനാളുകൾ അവിടെ ബ്ലോക്കിയാണ്. എന്നിട്ട് അവിടെനിന്നും മൂലധനം വേറെയെവിടെയെങ്കിലും ഒഴുകിപ്പോയതായിട്ട് പറയുന്നില്ല. ഇത് പ്രശ്നത്തിനെ കാണുന്നതിനു പകരം തൊഴിലാളികളുടേയും മറ്റുതരത്തിലുമുള്ള പ്രകടനങ്ങളും പ്രക്ഷോപണങ്ങളുമാണ് ഇതിനു കാരണം എന്ന് വരുത്തി വയ്ക്കുന്നതല്ലേ?

ശ്രീ. പി. ജയരാജൻ: കേരളത്തെ സംബന്ധിച്ചിടത്തോളം വികസനത്തിന് ഏറ്റവും വലിയ തടസ്സം ഈ ഗവണ്മെന്റിന്റെ സമീപനമാണ്. ആ സമീപനം മറച്ചുവയ്ക്കാൻ വേണ്ടിയാണ് യഥാർത്ഥത്തിൽ തൊഴിലാളി പ്രസ്ഥാനത്തേയും രാഷ്ട്രീയ പ്രസ്ഥാനത്തേയും പ്രതിപക്ഷത്തേയും കുറ്റപ്പെടുത്തിക്കൊണ്ടുള്ള പ്രസ്താവന വ്യവസായ വകുപ്പുമന്ത്രി നടത്തുന്നത്. വ്യവസായത്തിനാവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് കുറഞ്ഞ നിരക്കിൽ വൈദ്യുതി കൊടുക്കണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഈ രാജ്യത്ത് പൊതുമേഖലയിൽ വൈദ്യുതി ബോർഡ് ഉണ്ടാക്കിയത്. ആ വൈദ്യുതി ബോർഡിനെ കമ്പനിയാക്കി മാറ്റാൻവേണ്ടി കേന്ദ്ര നിയമം പാസ്സാക്കിയിരിക്കുകയാണ്. ആ കേന്ദ്ര നിയമത്തെ അനുകൂലിക്കുന്ന ഒരു മന്ത്രിസഭയുടെ വ്യവസായ വകുപ്പുമന്ത്രിയാണ് ഇവിടെ തൊഴിലാളി പ്രസ്ഥാനങ്ങളെ കുറ്റപ്പെടുത്തുന്നത്. കഞ്ചിക്കോട് വ്യവസായ മേഖലയിലെ വ്യവസായങ്ങൾ അടച്ചുപൂട്ടാനുള്ള കാരണം

കറണ്ട് ചാർജ് വർദ്ധനയും ഇറക്കുമതിയുമാണ്. റ്റാറ്റായുടെ ഫോൺ കമ്പനി അടച്ചുപൂട്ടിയത് ഇറക്കുമതി നയത്തിന്റെ ഫലമായിട്ടാണ്. ഇതൊന്നും വ്യവസായ വകുപ്പുമന്ത്രി കാണുന്നില്ല. കറന്റ് ചാർജ്ജിന്റെ കാര്യം പറയുമ്പോൾ 1991-92-ൽ 1.57 രൂപയായിരുന്നു ഒരു യൂണിറ്റ് വൈദ്യുതിയുടെ വിലയെങ്കിൽ 2001-2002-ൽ 3 രൂപ 96 പൈസയായി അത് വർദ്ധിച്ചു. ഈ തരത്തിൽ പശ്ചാത്തല സൗകര്യങ്ങൾ നൽകുന്നതിനു പകരം ആ സൗകര്യങ്ങൾ ഇല്ലാതെയാക്കുന്ന ഗവൺമെന്റിന്റെ സമീപനമാണ് കേരളത്തിന്റെ വ്യവസായ വളർച്ചയ്ക്ക് ഏറ്റവുംവലിയ തടസ്സം. ഇത് കാണാതിരിക്കുകയാണ് ചെയ്യുന്നത്.

<u>ശ്രീ. ഷിബു ബേബിജോൺ</u> : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ റഗുലേറ്ററി കമ്മിഷൻ വന്നതിനെക്കുറിച്ച്, ഗവണ്മെന്റ് ഓഫ് ഇന്ത്യയുടെ നിയമങ്ങൾ നടപ്പിലാക്കിയതിനെ കുറ്റപ്പെടുത്തി പറഞ്ഞു. റഗുലേറ്ററി കമ്മിഷൻ വരുന്നതിനു മുമ്പുതന്നെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണകാലത്ത് കറണ്ട് ചാർജ് 74 ശതമാനത്തോളം വർദ്ധിപ്പിച്ചത് ഏതു ന്യായത്തിലാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് വിശദീകരിക്കാമോ?

<u>ശ്രീ. പി. ജയരാജൻ</u> : കറണ്ട് ചാർജ് 74 ശതമാനം വർദ്ധിപ്പിച്ചുവെന്നത് ശ്രീ. ഷിബു ബേബിജോണിന്റെ കണ്ടുപിടുത്തമാണ്. 74 ശതമാനം വർദ്ധനവ് എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ഉണ്ടായിട്ടേയില്ല. തെരഞ്ഞെടുക്കപ്പെട്ട നിയമസഭാംഗങ്ങൾക്ക് ഭൂരിപക്ഷപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഒരു മന്ത്രിസഭയ്ക്ക് വൈദ്യുതി നിരക്കിന്റെ കാര്യത്തിൽ അഭിപ്രായം പറയാൻപോലുമുള്ള സ്വാതന്ത്ര്യം നിഷേധിക്കുന്ന നിലയ്ക്കുള്ള റഗുലേറ്ററി കമ്മിഷൻ, ജുഡീഷ്യൽ അധികാരമുള്ള ഒരു ഭരണസംവിധാനമാണ് കേരളത്തിലുള്ളത്. ഇതിനെ ന്യായീകരിക്കാനാണ് ശ്രീ. ഷിബു ബേബിജോൺ ശ്രമിക്കുന്നത്.

<u>ശ്രീ. എ. കെ. ബാലൻ</u>: കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ച 5 വർഷം 1017 മെഗാവാട്ട് വൈദ്യുതി കൂടുതലുല്പാദിപ്പിച്ചു എന്നു മാത്രമല്ല, ഈ ഗവണ്മെന്റ് വന്നതിനുശേഷം ഒരു മെഗാവാട്ട് വൈദ്യുതി പോലും കൂടുതലായി ഉല്പാദിപ്പിച്ചിട്ടില്ല എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

<u>ശ്രീ. പി. ജയരാജൻ</u>: എൽ.ഡി.എഫ്. ഗവണ്മെന്റ് 5 വർഷം ഭരിക്കുമ്പോഴാണ് 1017 മെഗാവാട്ട് വൈദ്യുതി കേരളത്തിൽ പുതുതായി ഉൽപ്പാദിപ്പിച്ചത്. ഈ ഗവണ്മെന്റ് വന്നപ്പോൾ ഉൽപ്പാദന മേഖലയിൽ നിന്ന് പൂർണ്ണമായി ഗവണ്മെന്റ് മാറുകയാണ്. എന്നിട്ടാണ് വ്യവസായ വികസനത്തെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഗീർവാണപ്രസംഗം നടത്തുന്നത്. ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി ഒരു പുസ്തകം പി.ആർ.ഡി. അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ പറയുന്നത് ലാഭത്തിന്റേതായിട്ടുള്ള തത്വശാസ്ത്രമാണ്. മുതലാളിത്തത്തിന്റെ തത്വശാസ്ത്രമാണ് പ്രചരിപ്പിക്കുന്നത്. എന്നിട്ട് കേരളത്തിലെ ജനങ്ങളുടെ കാര്യം പറഞ്ഞുകൊണ്ടിരിക്കുകയാണ്. വ്യവസായ വകുപ്പുമന്ത്രിയുടേയും ഗവണ്മെന്റിന്റേയും പ്രസംഗത്തിന് വിപരീതമായിട്ടുള്ള പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി പറഞ്ഞിരിക്കുന്ന ഭാഗം ഞാനിവിടെ ഉദ്ധരിക്കുകയാണ്. "ലാഭമുണ്ടാക്കുക എന്നുള്ളത് ഗർഹണീയമായ കാര്യമല്ലായെന്നും, പുതിയ മൂതൽ മുടക്കിനും ഉൽപ്പാദനത്തിനും അത്യന്താപേക്ഷിതമായ കാര്യമാണെന്നുമുള്ള ചിന്താഗതി വിദ്യാർത്ഥികളിൽ വളർത്തിയെടുക്കേണ്ടതാണ്". വളർന്നുവരുന്ന കുട്ടികളിൽപ്പോലും എങ്ങനെയെങ്കിലും ലാഭമുണ്ടാക്കുക എന്ന ചിന്താഗതി വളർത്തിയെടുക്കുന്ന ഒരു ഗവണ്മെന്റാണ് കേരളത്തിന്റെ പൊതുവികസനത്തെപ്പറ്റി പ്രസംഗം നടത്തിക്കൊണ്ടിരിക്കുന്നത്. എന്നിട്ട് യാഥാസ്ഥിതിക സമീപനം തിരുത്തണമെന്നാണ് പറയുന്നത്. ആർക്കാണ് യാഥാസ്ഥിതിക സമീപനം? ഇടതുപക്ഷ ജനാധിപത്യമുന്നണിയെ സംബന്ധിച്ചിടത്തോളം യാഥാസ്ഥിതിക സമീപനമില്ല. ഗവണ്മെന്റിന്റെ വ്യവസായ വികസനത്തിനുവേണ്ടി അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തണ്ടേ? ആ മാറ്റങ്ങൾ വരുത്തണമെന്നുള്ള അഭിപ്രായം തന്നെയാണുള്ളത്. പക്ഷെ, അത് സംസ്ഥാനത്തും രാജ്യത്തും നിലനിൽക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളെ ഇല്ലാതാക്കിക്കൊണ്ടല്ല, പരമ്പരാഗത വ്യവസായങ്ങളെ തകർത്തുകൊണ്ടുമല്ല. ലാഭത്തിനുവേണ്ടിയുള്ള പരക്കംപാച്ചിലല്ല വ്യവസായം. കേരളത്തിലെ ജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതി ഉറപ്പാക്കത്തക്കനിലയിലുള്ള സമീപനമാണ് ആവശ്യമായിട്ടുള്ളത്. കെ.എ.എൽ.-ലെ നിയമനം സാധൂകരിക്കുന്ന അവസരത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളോടുള്ള ഗവണ്മെന്റിന്റെ സമീപനമെന്താണെന്ന് വ്യവസായ വകുപ്പുമന്ത്രി വ്യക്തമാക്കണം. ആ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. കെ. എ. എൽ. പ്രധാനപ്പെട്ട ഉദാഹരണമാണ്. അക്യുമുലേറ്റഡ് ലോസ് 15 കോടി രൂപയിൽ നിന്ന് ഒരു വർഷത്തിൽ 200-ലധികം ലക്ഷം രൂപ ലാഭമുണ്ടാക്കുന്ന ഒരു പൊതുമേഖലാസ്ഥാപനത്തിന്റെ കാര്യം നമ്മൾ പരിഗണിക്കുന്ന അവസരത്തിൽ ഇതുപോലെ എന്തുകൊണ്ട് കേരളത്തിലെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളും മെച്ചപ്പെടുത്തിക്കൂടാ? അതിനാവശ്യമായ ശാസ്ത്രീയമായ സമീപനം നമ്മൾ സ്വീകരിക്കണം. അതിനുപകരം ഞങ്ങൾ യാഥാസ്ഥിതികന്മാരാണ് എന്ന് കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ശാസ്ത്രപുരോഗതി നേടിയിട്ടുള്ള കാലത്ത് വെള്ളം മന്ത്രിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കാടുക്കുന്ന ആളുകൾ ശാസ്ത്രപുരോഗതിയെ നിഷേധിക്കുന്ന ആളുകളാണ്. അവരാണ് യഥാർത്ഥത്തിൽ യാഥാസ്ഥിതികന്മാർ. അല്ലാതെ ഇടതുപക്ഷ ാനാധിപത്യ മുന്നണിയല്ല. കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങളുടെ സ്ഥിതി ാച്ചപ്പെടുത്തണം. അങ്ങനെ മെച്ചപ്പെടുത്തണമെങ്കിൽ തീർച്ചയായും നല്ല ിലയ്ക്കുള്ള മാനേജ്മെന്റ് സംവിധാനം വേണം. മാനേജ്മെന്റിൽ അതിനു പറ്റിയ ആളുകളെ ചുമതലപ്പെടുത്തണം. ഇവിടെ ഒരു ഉദാഹരണം പറയുകയാണ്, Handicrafts Development Corporation-ന്റെ എം.ഡി.യായി നിശ്ചയിച്ചത് ഹാന്റിക്രാഫ്ട്സിനെപ്പറ്റി ഒരു നിശ്ചയവുമില്ലാത്ത ആളിനെയാണ്. ഇങ്ങനെയുള്ള ഒരു സമീപനമാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ മാറേണ്ടത്. അതുകൊണ്ട് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ക്രിയാത്മകമായ സമീപനമാണ് ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടത് എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഇത് വളരെ ചെറിയൊരു ബില്ലാണ്. രണ്ടുമൂന്ന് മെമ്പർമാർ പ്രസംഗിച്ചപ്പോൾ പറഞ്ഞ വിഷയങ്ങൾക്ക് മറുപടി പറയേണ്ടതായതുകൊണ്ട് ഞാൻ പറയാം. ഈ ബില്ലുമായി വലിയ ബന്ധമൊന്നും അതിനില്ല. ആദ്യം സംസാരിച്ച മെമ്പർ പറഞ്ഞത് പൊതുമേഖലാ സ്ഥാപനങ്ങളിൽ എല്ലാ കാലത്തും രാഷ്ട്രീയമായി ആളുകളെ കുത്തിത്തിരുകും, അത് ഇപ്പോഴും നടക്കുന്നുവെന്നുള്ള ധാരണയിലാണ്. ഇപ്പോൾ അങ്ങനെ നടക്കുന്നില്ല; ഞാൻ ഉറപ്പിച്ചു പറയുന്നു. നിയമസഭയിലാണ് പറയുന്നത്, ഇപ്പോൾ ആ കുത്തിത്തിരുകൽ നടക്കുന്നില്ല; അനധികൃതമായി ഒരാളേയും നിയമിക്കുന്നില്ല. അങ്ങനെ ഒരു സ്ഥലത്തും കാണുകയുമില്ല. അച്ചടക്കം പൂർണ്ണമായി പാലിച്ചും പൊതുമേഖലയിലെ ആരോഗ്യം അറിഞ്ഞുകൊണ്ടും അങ്ങനെ ചെയ്യണ്ട എന്നു തീരുമാനിച്ചാണ് മുന്നോട്ടു പോകുന്നത്. ശ്രീ. ജയരാജൻ പ്രസംഗിച്ചപ്പോൾ വളരെ പണിപ്പെട്ടാണ് റെയിൽ മാറി നോക്കിയത്. ആദ്യം അങ്ങോട്ടു പോയി, പിന്നെ ഇങ്ങോട്ടു പോയി, ഈ ബില്ലുമായി യാതൊരു ബന്ധവുമില്ലാത്ത ഒന്നരണ്ട് കാര്യങ്ങൾ പറയാൻ ശ്രമിച്ചു. അവസാനം പൊതുമേഖലയിൽ വന്ന് അവസാനിച്ചു. സംവരണം സംബന്ധിച്ച് പറഞ്ഞതുകൊണ്ടാണ് ഞാൻ മിണ്ടാതിരുന്നത്. അത് ഒഴിവാക്കാനാകുമെന്നു ള്ളതുകൊണ്ട് ഞാൻ പറയാം. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് പൂർണ്ണമായും നടപ്പിലാക്കണം എന്നു തന്നെയാണ് ഞങ്ങളുടെ അഭിപ്രായം. യാതൊരു സംശയവും വേണ്ട. അത് നടപ്പിലാക്കുന്ന സമയത്ത് അത് ബാധിക്കുന്ന ആളുകളുമായി ചർച്ച ചെയ്യണം, കൂടിയാലോചന നടത്തണം. ആർക്കും ആശങ്കയില്ലാത്ത വിധം എല്ലാപേരേയും സമന്വയിപ്പിച്ച് ജാതികളും വിഭാഗങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

തമ്മിൽ ഇതിന്റെ പേരിൽ കലഹങ്ങളൊന്നും ഉണ്ടാകാതെ നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിന്റെ ഗുണം ലഭിക്കുന്ന ജനവിഭാഗങ്ങൾക്ക്, വളരെക്കാലമായി പുറത്തുനിർത്തിയിരുന്ന ആളുകൾക്ക് ആ പ്രാതിനിധ്യം കൊടുക്കൽ ന്യായമാണ്; അത് സ്റ്റാറ്റിസ്റ്റിക്സാണ്. മുസ്ലീങ്ങൾ മാത്രമല്ല, പല വിഭാഗങ്ങളുമുണ്ട്. പല വിഭാഗങ്ങൾക്കും പ്രാതിനിധ്യം കൊടുക്കൽ ന്യായമായ കാര്യമാണ്. അല്ലാതെ ഒരു വിഭാഗം ആളുകൾക്ക് ഉദ്യോഗത്തിൽ യാതൊരു പ്രാതിനിധ്യവുമില്ലാത്ത സ്ഥിതി കാലാകാലങ്ങളിൽ തുടരുന്നത് ശരിയല്ല. ആ സ്ഥിതിവിശേഷം യു.ഡി.എഫ്. ഗവണ്മെന്റിന് തിരുത്താൻ കഴിയുന്ന കാര്യമാണ്. അങ്ങനെ ചെയ്യുമ്പോൾ ജനവിഭാഗങ്ങളെ ദോഷകരമായി ബാധിക്കാതിരിക്കാൻ നോക്കണം. അങ്ങനെയുള്ള ആശങ്കയുള്ളവരുമായി അതുസംബന്ധിച്ച് ചർച്ച ചെയ്യണം. അതിനുള്ള സമയമെടുക്കണം. അവരെ എങ്ങനെ ബാധിക്കും എന്നു നോക്കി ബാധിക്കാത്ത തരത്തിലുള്ള കാര്യങ്ങൾ ചെയ്യണം. ഇതിൽ എതിർക്കുന്നവരൊക്കെയുണ്ടാകാം. എന്നാലും എല്ലാപേരും കൂടിയിരുന്ന് ഇതിന് പരിഹാരമുണ്ടാക്കുകയാണ് വേണ്ടത്.

<u>ശ്രീ. എ. കെ. ബാലൻ:</u> മന്ത്രിയുടെ വികാരം വളരെ കറക്ടാണ്. ചൗധരി കമ്മിഷന്റെ ഭാഗമായി പൊതുമേഖലാസ്ഥാപനങ്ങൾ ഇല്ലാതാവുകയാണ്; ഗവണ്മെന്റ് സർവ്വീസ് മേഖലയിൽ ഡൗൺസൈസിംഗ് വരികയാണ്. ഈ റിസർവേഷൻ സ്വകാര്യമേഖലയ്ക്ക് ഇല്ലല്ലോ; എവിടെയാണ് ഇത് ആപ്ളിക്കബിളാക്കുക? ഒരു വിശദീകരണത്തിനുവേണ്ടിയാണ് ചോദിക്കുന്നത്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> സംവരണവുമായി ബന്ധപ്പെടുകിലും ഈ പ്രായോഗിക ബുദ്ധിമുട്ട് ഇപ്പോൾ പറഞ്ഞത് നന്നായി. ഇത് ഞാൻ എപ്പോഴും പറയാറുണ്ട്. തൊഴിലവസരങ്ങൾ നമുക്ക് കുറവാണ്. എന്തായാലും ഒരു ജനവിഭാഗത്തേയും ബാധിക്കാത്ത വിധത്തിൽ, സർവ്വീസിൽ നിന്ന് കാലാകാല ങ്ങളായി അകറ്റപ്പെട്ടിരിക്കുന്ന ആളുകൾക്ക് കൊടുക്കുക എന്നുള്ളതിന് നടപടികളുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൃാബിനറ്റിൽ വച്ച് ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. അത് വളരെ പോസിറ്റീവായിട്ടുള്ള സ്റ്റെപ്പാണ്. എന്റെ സുഹൃത്ത് ശ്രീ. പി.സി. ജോർജ് പറഞ്ഞതുപോലെ ആളുകളെ കബളിപ്പിക്കാനുള്ള അടവല്ല. പൊതുമേഖലയെ സംബന്ധിച്ച് ഇത്രയും മതി, ഇതിലധികമാകുന്നത് ബോറാണ്. കാരണം ഇത് വേറെ ബില്ലല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: പൊതുമേഖല സ്വകാര്യവൽക്കരിക്കുക എന്ന കേന്ദ്ര ഗവൺമെന്റിന്റെ നയത്തെത്തുടർന്ന് ചില സ്ഥാപനങ്ങൾ ഇവിടെയും പോവുകയാണ്. അപ്പോൾ പൊതുമേഖലയിലാണ് ഈ സംവരണം ഉള്ളത്. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്ന പുതിയ നയത്തിന്റെ പശ്ചാത്തലത്തിൽ സ്വകാര്യ മേഖലയിൽക്കൂടി സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുവാൻ എന്തെങ്കിലും സമ്മർദ്ദം വേണം. കേന്ദ്ര തലത്തിൽ ഭരണഘടനാ ഭേദഗതി അടക്കമുള്ള നിയമനിർമ്മാണം വേണ്ടതാണ്. അത് നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: നമുക്ക് എല്ലാപേർക്കും ചർച്ച ചെയ്യാം. വേറൊരു കാര്യം, ഞാൻ ഐ.റ്റി.-യുടെയും ബി.റ്റി.-യുടെയും പിന്നാലെ പോവുകയാണ്. പഴയ പൊതുമേഖലയെയൊക്കെ വിട്ടു എന്ന് പറഞ്ഞു. ദിനേശ് ബീഡിക്ക് പഴയ പ്രതാപമുണ്ടോ? ദിനേശ് ബീഡി സൊസൈറ്റി ഐ.റ്റി.-യുടെ പിന്നാലേ പോയില്ലേ? അത് നിഷേധിക്കുവാൻ പറ്റുമോ? പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന കാര്യത്തിൽ പഴയ സമീപനം വച്ചുകൊണ്ട് രാഷ്ട്രീയ നേതാക്കൾ എവിടെയെങ്കിലും മാറിനിന്ന് ചർച്ച ചെയ്തുകൊണ്ടിരുന്നാൽ വ്യവസായ സ്ഥാപനങ്ങൾ നിലനിൽക്കുകയില്ല. ദിനേശ് ബീഡിയാണ് നല്ല ഉദാഹരണം. അതിന് ഡൈവേഴ്സിഫിക്കേഷൻ വേണം, മോഡണൈസേഷൻ വേണം, ഒൺ ടൈം സെറ്റിൽമെന്റ് വേണം. അതിന്റെ പ്രശ്നങ്ങൾ നോക്കണം. അതാണ് ഞങ്ങൾ ചെയ്യുന്നത്. ഞാൻ അത് വിടുകയാണ്. മോഡണൈസേഷനും ഡൈവേഴ്സിഫിക്കേഷനുമൊക്കെ നമുക്ക് ആവശ്യം വരും. അതിന് ഏറ്റവും നല്ല ഉദാഹരണം, ദിനേശ് ബീഡിയിൽ എട്ട് കോടി രൂപ മോഡണൈസേഷനുവേണ്ടി മുടക്കിയതാണ്. അത്രയേയുള്ളൂ. ഇന്നലെ പറഞ്ഞതിൽത്തന്നെ ഞാൻ നിൽക്കുകയാണ്. ഓരോ വിഷയവും ചർച്ച ചെയ്യാം. അതിനൊക്കെ വ്യത്യസ്തമായ വ്യൂ ഇല്ല. ഒരു പൊതുമേഖലയെയും തകർക്കുന്ന ഉദ്ദേശ്യം ഗവൺമെന്റിനില്ല. 2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബിൽ എല്ലാപേരും സ്വാഗതം ചെയ്തതിൽ സന്തോഷമുണ്ട്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കെ. കെ. ജയചന്ദ്രൻ അവതരിപ്പിച്ച നിരാകരണ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. കെ. ജയചന്ദ്രൻ: പ്രസ് ചെയ്യുന്നില്ല.

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വർക്കല കഹാർ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വർക്കല കഹാർ: പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ജയരാജൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ജയരാജൻ: പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച IV -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) 2004-ലെ കേരള സ്റ്റാമ്പ് (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, 2004-ലെ കേരള സ്റ്റാമ്പ് (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, 2004-ലെ കേരള സ്റ്റാമ്പ് (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി .എഫ്. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.